# രക്ഷയുടെ പാതയിൽ




Vol. 1


11

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. രക്ഷകനായ ഈശോ
2. ചരിത്രപുരുഷനായ ഈശോ
3. ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
4. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ
5. ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
6. ക്രിസ്തീയ മനസാക്ഷി
7. ജീവന്റെ മൂല്യവും മഹത്വവും
8. സ്നേഹിക്കാനും ജീവൻ നൽകാനും
9. സമ്പത്തും സാമൂഹികനീതിയും
10. അദ്ധ്വാനത്തിന്റെ മാഹാത്മ്യം
11. സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത
12. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

# പാഠം- 12



## ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

# ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

1. ഭൂമിയുടെ ഉപ്പ്
2. ലോകത്തിന്റെ പ്രകാശം



# ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

ക്രിസ്തുശിഷ്യരെ ഉപ്പിനോടും പ്രകാശത്തോടും സാദൃശ്യപ്പെടുത്തുന്നതിലൂടെ അവരുടെ ദൗത്യവും സ്ഥാനവുമെല്ലാം ഈശോ വെളിപ്പെടുത്തുന്നു. വലിച്ചെറിയാനും മറച്ചുവെക്കാനുമുള്ളതല്ല നമ്മുടെ ക്രിസ്തീയതയെന്നും അതു ലോകത്തിനു രുചി പകരാനും പ്രകാശമേകാനും ഉള്ളതാണെന്നും ഈശോ പഠിപ്പിക്കുന്നു.

# ഭൂമിയുടെ ഉപ്പ്

- ബൈബിളിൽ പഴയ നിയമത്തിലും പുതിയ നിയമത്തിലും ഉപയോഗിക്കുന്ന ഒരു പ്രതീകമാണ് ഉപ്പ്. ഭക്ഷണത്തിന് രുചി പകരുന്നതും ജീവനം സംരക്ഷിക്കുന്നതും ശുദ്ധീകരിക്കുന്നതുമായ ഒരു വസ്തുവാണ് ഉപ്പ്. ഈ മൂന്നു ഗുണങ്ങളും ക്രൈസ്തവ ജീവിതത്തിൽ അന്വർത്ഥമാണ്.

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

1. രുചിപകരുന്ന ജീവിതം

- ❖ ഉപ്പുപോലെ ഈ ലോകത്തിനു രുചി പകരാൻ വിളിക്കപ്പെട്ടവനാണ് ക്രിസ്ത്യാനി.
- ❖ ആദിമക്രിസ്ത്യാനികളുടെ പരസ്പര സ്നേഹവും ഐക്യവും അനേകരെ ഈശോയിലേക്ക് നയിച്ചിട്ടുണ്ട്. കാരണം, രുചി. പകരുന്ന സാന്നിദ്ധ്യമായിരുന്നു അവരുടേത്. അതുപോലെ ലോകത്തിന് രുചിയേകുന്ന ഒരു സ്നേഹസംസ്ക്കാരം വളർത്താൻ നാം പരിശ്രമിക്കണം.

2. സംരക്ഷിക്കുന്ന ജീവിതം

- ഉപ്പിന്റെ അടുത്ത ഗുണം ആഹാരസാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ ഉപകരിക്കുന്നുവെന്നതാണ്.
- മൂല്യരഹിതമായ സംവിധാനങ്ങൾ തഴച്ചു വളരുകയും സാമൂഹ്യ തിന്മകൾ ശക്തി പ്രാപിക്കുകയും ചെയ്യുന്ന ഇക്കാലത്ത് മൂല്യങ്ങൾക്കായി നിലകൊള്ളാനും മൂല്യച്യുതിയിൽ നിന്ന് സമൂഹത്തെ സംരക്ഷിക്കാനും ബോധ്യത്തോടും ധീരതയോടും കൂടി പ്രവർത്തിക്കുകയാണ് ഒരു ക്രിസ്തു ശിഷ്യന്റെ ധർമ്മം.

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

3. ശുദ്ധീകരിക്കുന്ന ജീവിതം

- ഉപ്പിനുള്ള മൂന്നാമത്തെ ഗുണം വസ്തുക്കളെ ശുദ്ധീകരിക്കാൻ അതിനു കഴിയുമെന്നതാണ്.
- പാപകരമായ സാഹചര്യങ്ങളെയും സ്ഥാപനങ്ങളെയും വ്യക്തികളെയും തള്ളിക്കളയാതെ അവയെ അതിൽ നിന്ന് മോചിപ്പിച്ച് വിശുദ്ധിയിലേക്ക് കൈപിടിച്ചു നടത്തുമ്പോഴാണ് നാം യഥാർത്ഥ ഉപ്പായി മാറുന്നത്. ഈ വിധത്തിൽ രുചിപകർന്നും കേടുവരാതെ സംരക്ഷിച്ചും തിന്മയിൽ നിന്ന് ശുദ്ധീകരിച്ചും ദൈവരാജ്യ ചൈതന്യത്തിൽ നാം ജീവിക്കുമ്പോൾ ഈ ഭൂമിയിലെ ഉറകെടാത്ത ഉപ്പായി നമ്മൾ മാറും.

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

# ലോകത്തിന്റെ പ്രകാശം

- ഈശോ തന്റെ ശിഷ്യന്മാരെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന ശക്തമായ മറ്റൊരു പ്രതീകമാണ് പ്രകാശം.
- പഴയനിയമത്തിൽ പ്രകാശം, അഗ്നി എന്നിവ ദൈവസാന്നിദ്ധ്യത്തിന്റെ അടയാളങ്ങളാണ്.
- ഈശോ പറയുന്നു. ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും.

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

1. മറ്റുള്ളവർക്ക് വഴികാട്ടുന്നവൻ...

- വെളിച്ചമേ നയിച്ചാലും! ഈ പ്രാർത്ഥന നമ്മുടെയും പ്രാർത്ഥനയാകണം. ഈശോയാകുന്ന വെളിച്ചത്താൽ നിറഞ്ഞ് നമ്മുടെ ജീവിതവും വാക്കുകളും പ്രവൃത്തികളും വഴി നാം മറ്റുള്ളവർക്ക് വെളിച്ചമായിത്തീരണം. അപ്പോൾ നമ്മിലെ വെളിച്ചം അനേകർക്ക് വഴികാട്ടാൻ ഇടവരും.

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

2. അന്ധകാരത്തെ അകറ്റുന്നവൻ

- അന്ധകാരത്തെ ഇല്ലാതാക്കാൻ പ്രകാശത്തിനു കഴിയും. പാപത്തിന്റെ അന്ധകാരത്തിൽ കഴിയുന്ന ലോകത്തിൽ പുണ്യത്തിന്റെ പ്രകാശം നിറയ്ക്കാൻ ക്രിസ്ത്യാനികളായ നമുക്കു കടമയുണ്ട്.

3. മറ്റുള്ളവർക്ക് ശക്തിപകരുന്നവൻ

- പ്രകാശം എപ്പോഴും ഉണർവും ശക്തിയും പകരുന്നതാണ്. അതുപോലെ ക്രിസ്തു ശിഷ്യരായ നമ്മുടെ ജീവിതവും മറ്റുള്ളവർക്ക് ഉണർവ്വും ശക്തിയും പകരുന്നതാകാണം.
- വിളക്ക് വിളക്കാവുന്നത് അത് പ്രകാശം പരത്തുമ്പോഴാണ്. ഉപ്പ് ഉപ്പായിരിക്കുന്നത് അത് ഉറകെടാതിരിക്കുമ്പോഴാണ്.

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

- മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾകണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ. അതിനാൽ നമ്മുടെ ജീവിതം കണ്ട് അനേകർ ദൈവത്തെ സ്തുതിക്കാൻ ഇടയാകത്തക്കവിധം പ്രകാശിതമായ ജീവിതത്തിന് ഉടമകളായിത്തീരാൻ നമുക്കു ശ്രമിക്കാം.